REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 07-05-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- ഭീകരതയ്ക്കെതിരെ നിശ്ചയദാർഢ്യത്തിന്റെ നിർണായക തെളിവാണ് ഓപ്പറേഷൻ സിന്ദൂർ എന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.
- ഭീകരതയെയും അതിന്റെ കേന്ദ്രങ്ങളെയും തകർക്കുമെന്ന ദൃഢനിശ്ചയത്തിൽ രാജ്യം ഉറച്ചുനിൽക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- കേരളത്തിൽ മുഖ്യമന്ത്രിയെ തീരുമാനിക്കാൻ കോൺഗ്രസ് നിയമസഭാ കക്ഷിയോഗം തിരുവനന്തപുരത്ത് ചേർന്നു.
- സംസ്ഥാനത്ത് LDF നുണ്ടായ അപ്രതീക്ഷിത തിരിച്ചടി CPIM സമഗ്രമായി പരിശോധിക്കുമെന്ന് പാർട്ടി ജനറൽ സെക്രട്ടറി MA ബേബി.
- IPL ക്രിക്കറ്റിൽ ഇന്ന് ലക്നോ സൂപ്പർ ജയൻറ്സ് റോയൽ ചലഞ്ചേഴ്സ് ബെങ്കലൂരുവിനെ നേരിടും.

## വാർത്തകൾ വിശദമായി

ഭീകരതയ്ക്കും രാഷ്ട്രത്തിന്റെ പരമാധികാരത്തിനും പൗരന്മാരുടെ സുരക്ഷയ്ക്കും ഭീഷണിയാകുന്ന എല്ലാ ശക്തികൾക്കുമെതിരായ നിശ്ചയദാർഢ്യത്തിന്റെ നിർണായക തെളിവാണ് ഓപ്പറേഷൻ സിന്ദൂർ എന്ന് രാഷ്ട്രപതി ദ്രൗപതി മുർമു വിശേഷിപ്പിച്ചു. ഓപ്പറേഷൻ സിന്ദൂർ പൂർത്തീകരിച്ചതിന്റെ ഒന്നാം വാർഷിക ദിനത്തിൽ സാമൂഹിക മാധ്യമ കുറിപ്പിലാണ് രാഷ്ട്രപതി ഇക്കാര്യമറിയിച്ചത്. ദൗത്യത്തിന്റെ അസാധാരണ വിജയം സായുധസേനയുടെ സമാനതകളില്ലാത്ത ധൈര്യത്തെയാണ് പ്രതിഫലിപ്പിക്കുന്നതെന്ന് രാഷ്ട്രപതി പറഞ്ഞു.

പഹൽഗാമിലെ ക്രൂരമായ ആക്രമണത്തെ ഉചിതവും മാതൃകാപരവുമായാണ് രാജ്യം നേരിട്ടതെന്നും ദ്രൗപതി മുർമു അറിയിച്ചു.

✪✪✪

ഭീകരതയെയും അതിന്റെ കേന്ദ്രങ്ങളെയും തകർക്കുമെന്ന ദൃഢനിശ്ചയത്തിൽ രാജ്യം ഉറച്ചുനിൽക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കി. ഓപ്പറേഷൻ സിന്ദൂറിന്റെ വാർഷികദിനത്തിൽ സാമൂഹികമാധ്യമത്തിലാണ് പ്രധാനമന്ത്രി ഇക്കാര്യം അറിയിച്ചത്.

ഇന്ത്യൻ സേന സിന്ദൂറിൽ സമാനതകളില്ലാത്ത കൃത്യതയും, ദൃഢനിശ്ചയവും, ധൈര്യവുമാണ് പ്രകടിപ്പിച്ചതെന്ന് പ്രധാനമന്ത്രി പറഞ്ഞു. പഹൽഗാമിൽ നിരപരാധികളായ ഇന്ത്യക്കാരെ ആക്രമിച്ചവർക്ക് സൈന്യം ഉചിതമായ മറുപടിയാണ് നൽകിയതെന്നും, രാഷ്ട്രം മുഴുവനും സായുധസേനയുടെ ധീരതയെ അഭിവാദ്യം ചെയ്യുന്നതായും നരേന്ദ്രമോദി അറിയിച്ചു.

ഓപ്പറേഷൻ സിന്ദൂറിന്റെ വാർഷികത്തിൽ സായുധ സേനയുടെ ധീരതയെയും ത്യാഗങ്ങളെയും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് പ്രശംസിച്ചു. സായുധ സേനകളുടെ ധൈര്യവും സമർപ്പണവും രാജ്യത്തെ സംരക്ഷിക്കുന്നത് തുടരുന്നുവെന്നും ഓപ്പറേഷനിലെ പ്രവർത്തനങ്ങൾ സമാനതകളില്ലാത്ത കൃത്യത, ഐക്യം, സേവന സമന്വയം എന്നിവ പ്രതിഫലിപ്പിച്ചുവെന്നും രാജ്നാഥ് സിംഗ് സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഓപ്പറേഷൻ സിന്ദൂർ രാജ്യത്തിന്റെ ശത്രുക്കൾക്കെതിരായ സായുധ സേനയുടെ അചഞ്ചല പ്രഹരശേഷിയെക്കുറിച്ച് എപ്പോഴും ഓർമ്മിപ്പിക്കുമെന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ പറഞ്ഞു. സേനയുടെ അതുല്യവീര്യത്തെ അഭിവാദ്യം ചെയ്യുന്നതായി അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. അതിർത്തിക്കപ്പുറത്തെ ഭീകര താവളങ്ങൾ നശിപ്പിക്കാൻ, സായുധസേനയുടെ കൃത്യമായ പ്രഹരശേഷിക്കും, രാഷ്ട്രീയ ഇച്ഛാശക്തിക്കും കഴിഞ്ഞതായി അമിത്ഷാ വ്യക്തമാക്കി.

✪✪✪

സംയുക്ത സൈനിക കമാൻഡർമാരുടെ സമ്മേളനത്തിന്റെ രണ്ടാം പതിപ്പ് ഇന്ന് ജയ്പൂരിൽ ആരംഭിക്കും. രാജ്യരക്ഷാമന്ത്രി രാജ്നാഥ്

സിംഗ്, സംയുക്ത സേനാമേധാവി ജനറൽ അനിൽ ചൗഹാൻ തുടങ്ങിയവർ പങ്കെടുക്കും. 'ഓപ്പറേഷൻ സിന്ദൂർ' ഒന്നാം വാർഷികത്തോടനുബന്ധിച്ചാണ് 'പുതിയ മേഖലകളിലെ സൈനിക ശേഷി' എന്ന വിഷയത്തിൽ ദ്വിദിന സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരുന്ന മാതൃകാ പെരുമാറ്റച്ചട്ടം പിൻവലിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. കേരളമടക്കം നാലു സംസ്ഥാനങ്ങളിലും, പുതുച്ചേരിയിലും തിരഞ്ഞെടുപ്പ് വിജ്ഞാപന തിയതി മുതൽ പെരുമാറ്റച്ചട്ടം നിലവിൽ വന്നിരുന്നു.

✪✪✪

കേരളത്തിൽ മുഖ്യമന്ത്രിയെ തീരുമാനിക്കാൻ കോൺഗ്രസ് നിയമസഭാ കക്ഷിയോഗം തിരുവനന്തപുരത്ത് ചേർന്നു. മുഖ്യമന്ത്രിയെ തീരുമാനിക്കാൻ ഹൈക്കമാൻഡിനെ ചുമതലപ്പെടുത്തുന്ന പ്രമേയം യോഗം പാസാക്കി. KPCC പ്രസിഡണ്ട് സണ്ണി ജോസഫ് അവതരിപ്പിച്ച പ്രമേയത്തെ VD സതീശൻ പിന്താങ്ങി.

AICC നിരീക്ഷകരായ മുകുൾ വാസ്നിക്കിന്റെയും, അജയ് മാക്കന്റെയും സാന്നിധ്യത്തിലാണ് പാർട്ടിയിലെ നിയുക്ത MLA മാരുടെ യോഗം ചേർന്നത് .

✪✪✪

സംസ്ഥാനത്ത് LDF നുണ്ടായ അപ്രതീക്ഷിത തിരിച്ചടിയുടെ കാരണങ്ങൾ CPIM സമഗ്രമായി പരിശോധിക്കുമെന്ന് പാർട്ടി ജനറൽ സെക്രട്ടറി MA ബേബി അറിയിച്ചു. അനുഭാവികൾ ഉൾപ്പെടെ എല്ലാ പാർട്ടി പ്രവർത്തകർക്കും അഭിപ്രായങ്ങൾ തുറന്നു പറയാമെന്നും ബേബി മാധ്യമങ്ങളോട് പ്രതികരിച്ചു.

കേരളത്തിലെ പ്രതിപക്ഷ നേതാവ് ആരായിരിക്കണമെന്ന കാര്യം ഇന്നലെ ചേർന്ന സെക്രട്ടറിയേറ്റ് യോഗം ചർച്ച ചെയ്തിട്ടില്ലെന്നും ബേബി അറിയിച്ചു. പാർട്ടിക്കുണ്ടായ തിരിച്ചടിയെക്കുറിച്ച് അസാധാരണ വിലയിരുത്തലാണ് നടത്തുകയെന്നും, എല്ലാവരുടെയും അഭിപ്രായങ്ങൾ കേട്ടായിരിക്കും തിരുത്തൽ നടപടികൾ സ്വീകരിക്കുകയെന്നും ബേബി വ്യക്തമാക്കി.

✪✪✪

തമിഴ് നാട്ടിൽ ഗവണ്മെന്റ് രൂപീകരണത്തിന് നടൻ വിജയ് നേതൃത്വം നൽകുന്ന തമിഴ് വെട്രി കഴകം തിരക്കിട്ട ശ്രമങ്ങൾ തുടരുന്നു. 108 സീറ്റുകൾ നേടിയ പാർട്ടി, 118 പേരുടെ പിന്തുണ അവകാശപ്പെട്ട്, തമിഴ്നാട് ഗവർണ്ണറുടെ ചുമതല വഹിക്കുന്ന കേരള ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറെ വിജയ് കഴിഞ്ഞ ദിവസം കണ്ടിരുന്നു. കോൺഗ്രസ്സ് പിന്തുണയോടെയാണ് ഗവണ്മെന്റ് രൂപീകരണത്തിന് വിജയ് അവകാശവാദം ഉന്നയിച്ചത്. ഭൂരിപക്ഷം തെളിയിക്കാൻ വിജയ്, ഗവർണറോട് കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്.

✪✪✪

രാഷ്ട്രീയ അനിശ്ചിതത്വം തുടരുന്നതിനിടെ, തമിഴ്നാട്ടിലെ 40-ലധികം അണ്ണാ DMK എംഎൽഎമാരെ പുതുച്ചേരിക്ക് സമീപം സ്വകാര്യ റിസോർട്ടിലേക്ക് മാറ്റിയതായി റിപ്പോർട്ട്. മുതിർന്ന നേതാക്കളും ഇവർക്കൊപ്പമുണ്ട്.

✪✪✪

പശ്ചിമബംഗാളിൽ ഗവണ്മെന്റ് രൂപീകരണം അവസാനഘട്ടത്തിലെത്തി. രബീന്ദ്രനാഥ ടാഗോർ ജന്മദിനമായ മറ്റന്നാൾ രാവിലെ BJP മന്ത്രിസഭ, സത്യപ്രതിജ്ഞ ചെയ്യും.

കൊൽക്കത്ത ബ്രിഗേഡ് പരേഡ്ഗ്രൗണ്ടിലാണ് ചടങ്. പ്രധാനമന്ത്രി നരേന്ദ്രമോദി, ആഭ്യന്തരമന്ത്രി അമിത്ഷാ, BJP ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

✪✪✪

ബംഗാളിലെ BJP നേതാവ് സുവേന്ദു അധികാരിയുടെ പേഴ്സണൽ അസിസ്റ്റന്റായ ചന്ദ്രനാഥ് രഥിന്റെ കൊലപാതകം മമതാ ബാനർജിയുടെയും, തൃണമൂൽ കോൺഗ്രസിന്റെയും അക്രമരാഷ്ട്രീയത്തിന്റെ ഭീകരമായ ഓർമ്മപ്പെടുത്തലാണെന്ന് കേന്ദ്രമന്ത്രി ധർമ്മേന്ദ്രപ്രധാൻ വിലയിരുത്തി. ഭയത്തിന്റെയും ഭീഷണിയുടെയും രാഷ്ട്രീയത്തിന് കീഴടങ്ങാൻ വിസമ്മതിച്ചതിന്റെ പേരിൽ BJP പ്രവർത്തകരെയും, അനുയായികളെയും ആക്രമിച്ച് കൊലപ്പെടുത്തുന്നത് അവിടെ തുടരുകയാണെന്നും അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

അസമിൽ BJP മന്ത്രിസഭ ഈ മാസം 11- ന് സത്യപ്രതിജ്ഞ ചെയ്തേക്കും. പ്രധാനമന്ത്രി നരേന്ദ്രമോദി സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കുമെന്ന് മുഖ്യമന്ത്രി ഹിമന്ദ ബിശ്വശർമ്മ അറിയിച്ചു. നിലവിലെ മന്ത്രിസഭയുടെ രാജി സമർപ്പിച്ച ശേഷം ഗോഹട്ടിയിൽ ലോക്ഭവനു പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. 126 അംഗ നിയമസഭയിൽ 102 സീറ്റുകളാണ് NDA നേടിയത്.

✪✪✪

അഖിലേന്ത്യാ സൈനിക സ്കൂൾ പ്രിൻസിപ്പൽമാരുടെ ദ്വിദിന സമ്മേളനത്തിന് തിരുവനന്തപുരത്ത് തുടക്കമായി. കഴക്കൂട്ടം സൈനിക സ്കൂളിൽ നടന്ന ചടങ്ങിൽ രാജ്യരക്ഷാ സഹമന്ത്രി സഞ്ജയ് സേത്ത് അധ്യക്ഷനായിരുന്നു.

രാജ്യത്തെ 33 സൈനിക് സ്കൂളുകളിലെ പ്രിൻസിപ്പൽമാരും , ജോയിന്റ് സെക്രട്ടറി, ഓണററി സെക്രട്ടറി, ഇൻസ്പെക്റ്റിങ് ഓഫീസർമാർ എന്നിവരും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

ഇടുക്കി പൂപ്പാറയിൽ പന്നിയാർ പുഴ കയ്യേറി നിർമ്മിച്ച കെട്ടിടങ്ങൾ ഉടമകൾ പൊളിച്ചു തുടങ്ങി. 88 കെട്ടിടങ്ങളാണ് പൊളിച്ചു നീക്കേണ്ടത്. ഇതിൽ 56 കെട്ടിടങ്ങൾ ഉടമകൾ പൊളിച്ചുനീക്കും. ശേഷിക്കുന്നവ റവന്യു വകുപ്പ് പൊളിച്ചു മാറ്റും. സംഘർഷ സാധ്യത കണക്കിലെടുത്ത് സ്ഥലത്ത് പൊലീസ് സന്നാഹം ഏർപ്പെടുത്തിയിട്ടുണ്ട്. ശാന്തൻപാറ പൊലിസ് സ്റ്റേഷൻ പരിധിയിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചു. സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും ഉത്തരവിനെ തുടർന്നാണ് നടപടി.

2024ൽ മൂന്ന് ആരാധനാലയങ്ങൾ ഉൾപ്പെടെ 56 കെട്ടിടങ്ങൾ ഗവണ്മെന്റ് ഏറ്റെടുത്തിരുന്നു. ഇതിനെതിരെ ഉടമകൾ സുപ്രീംകോടതിയിൽ നൽകിയ ഹർജിയും തള്ളിയിരുന്നു.

✪✪✪

ഭൂഗർഭ ജല വിതാനം ഉയർത്താനും ജല സാക്ഷരതയും ജല സുരക്ഷയും ഉറപ്പു വരുത്താനും ലക്ഷ്യമിട്ട് കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് വിപുലമായ പ്രചാരണത്തിന് തുടക്കമിടുന്നു. ജൂൺ അഞ്ചിനു ലോക പരിസ്ഥിതി ദിനത്തിൽ ഉദ്ഘാടനം ചെയ്യും...

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

,,,,,(VOICE )................

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ലക്നോ സൂപ്പർ ജയൻറ്സ് റോയൽ ചലഞ്ചേഴ്സ് ബെങ്കലൂരുവിനെ നേരിടും. വൈകിട്ട് ഏഴരക്ക് ലക്നോ ഏകനാ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ISL ഫുട്ബാളിൽ പഞ്ചാബ് FC ക്ക് ജയം. ന്യൂഡൽഹിയിൽ എതിരില്ലാത്ത ഒരു ഗോളിന് ചെന്നൈയിൻ FC-യെ ആണ് പഞ്ചാബ് FC പരാജയപ്പെടുത്തിയത്.

✪✪✪

അന്തരിച്ച സാഹിത്യ സാംസ്കാരിക പ്രവർത്തകൻ തലശ്ശേരി പന്ന്യന്നൂരിലെ KP ഭാസ്കരൻ എന്ന പന്ന്യന്നൂർ ഭാസിയുടെ സംസ്കാരം ഉച്ചയ്ക്ക് വീട്ടുവളപ്പിൽ നടത്തും.

നാടൻകല, നാടകം, ബാലസാഹിത്യം എന്നീ വിഭാഗങ്ങളിൽ ഒട്ടേറെ രചനകൾ അദ്ദേഹം നിർവഹിച്ചിട്ടുണ്ട്. ആകാശവാണി കോഴിക്കോട് നിലയം ഭാസിയുടെ നാടകങ്ങൾ പ്രക്ഷേപണം ചെയ്തിട്ടുണ്ട്.

✪✪✪

മാധ്യമപ്രവർത്തകൻ കണ്ണൂർ പയ്യാവൂർ പൈസക്കരിയിലെ വിക്ടർ ജോസഫ് അന്തരിച്ചു. 42 വയസ്സായിരുന്നു. അസുഖബാധിതനായി കണ്ണൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ ആയിരുന്നു. വിവിധ ദൃശ്യ മാധ്യമങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. സംസ്കാരം നാളെ പയ്യാവൂരിൽ നടത്തും.

✪✪✪

കണ്ണൂർ ആറളം ഫാം ബ്ലോക്ക് 10-ൽ വീട്ടിലെ കുളിമുറിയിൽ നിന്ന് രാജവെമ്പാലയെ പിടികൂടി. പുലിക്കിരി ഷിജുവിന്റെ വീട്ടിൽ നിന്നാണ് രാജവെമ്പാലയെ പിടികൂടിയത്.

വനംവകുപ്പ് അധികൃതരും മാർക്ക് പ്രവർത്തകരും ചേർന്ന് രാജവെമ്പാലയെ സാഹസികമായാണ് പിടികൂടിയത്. ഇതിനെ പിന്നീട് ഉൾവനത്തിൽ തുറന്നു വിട്ടു.

✪✪✪

**പശ്ചിമേഷ്യൻ സംഘർഷത്തിന് പരിഹാരമാകാൻ സഹായിക്കുന്ന പ്രാഥമിക ധാരണയിലേക്ക് അമേരിക്കയും ഇറാനും നീങ്ങുകയാണെന്ന സൂചന പ്രബലമാകുന്നു. കരട് ധാരണ സംബന്ധിച്ച് 14 ഇനങ്ങൾ അടങ്ങിയ രേഖ തയ്യാറായതായി രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. 30 ദിവസത്തെ ചർച്ചയ്ക്ക് ശേഷം വിപുലമായ കരാർ തയ്യാറാക്കാനാണ് ആലോചന.**

✪✪✪

**ഇറാന്റെ നിയന്ത്രണത്തിലായ ഹോർമൂസ് കടലിടുക്ക് സുരക്ഷിതമാക്കുന്ന ദൗത്യത്തിന്റെ ഭാഗമായി ചെങ്കടലിൽ ഫ്രാൻസ്, കാരിയർ സ്ട്രൈക്ക് ഗ്രൂപ്പിനെ വിന്യസിക്കാൻ തീരുമാനിച്ചു. ഇറ്റാലിയൻ ഡച്ച് യുദ്ധക്കപ്പലുകൾക്ക് ഒപ്പം ചാൾസ് ഡി ഗല്ല എന്ന ഫ്രാൻസിന്റെ വിമാന വാഹിനി കപ്പൽ ചെങ്കടലിലേക്ക് നീങ്ങിയതായി ഫ്രഞ്ച് സൈന്യം അറിയിച്ചു.**

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*News Team: അനിൽ ചന്ദ്രൻ, AV ഫർദിസ്, ശരണ്യരാജൻ*
*DEO : ഷീബ*